# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : കെ.ജെ. ആന്റണി

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റുമാർക്ക് ജൂനിയർ സൂപ്രണ്ടുമാരായി പ്രൊമോഷൻ/ ട്രാൻസ്ഫർ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. 21.01.2011-ലെ ഡി3-4239/2010 നമ്പർ ഉത്തരവ്.
2. ഹെഡ് അക്കൗണ്ടന്റുമാരുടെ 01.07.2009 തീയതി പ്രാബല്യത്തിലുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് നമ്പർ ഇ5-99/2009 തീയതി 27.07.09.
3. 04.02.2011-ലെ ഇ5-26262/2010 നമ്പർ ഉത്തരവ്.
4. ഹെഡ് അക്കൗണ്ടന്റുമാരുടെ 10.10.2010 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ്.

## ഉത്തരവ് നമ്പർ ഇ3- 6000/2010 തീയതി 08.02.2011

സൂചന (1)ലെ ഉത്തരവ് പ്രകാരം ഒരു ജൂനിയർ സൂപ്രണ്ടിന് സീനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയതിനെ തുടർന്ന് ഒരു ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവും കോന്നി ഡിവിഷനിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. വി. ശശാങ്കനാഥ് പെൻഷന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒരൊഴിവും ഉൾപ്പെടെ ജൂനിയർ സൂപ്രണ്ടുമാരുടെ 2 ഒഴിവുകൾ നിലവിലുണ്ട്. സൂചന (2)ലെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 58-ലെ ശ്രീ. പി.എസ്. ഗോപാലകൃഷ്ണന്റെ പേരിൽ നിലവിലുണ്ടായിരുന്ന അച്ചടക്ക നടപടി തീർപ്പാക്കിയതിൽ ടിയാന്റെ സ്ഥാനം 5 റാങ്ക് താഴ്ത്തിയതിൽ ടി സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 28 ആയി സ്ഥാനം നിശ്ചയിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. 2 ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകളിലേക്ക് സൂചന (4) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഹെഡ് അക്കൗണ്ടന്റുമാരെയുമാണ് ജൂനിയർ സൂപ്രണ്ടുമാരായി പ്രൊമോഷൻ നൽകുന്നതിന് പരിഗണിക്കുകയും ചെയ്യുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് |
|---|---|---|
| 1. | 1 | കെ.കെ. ശശി |
| 2. | 2 | എം. ശാന്തകുമാരി |
| 3. | 3 | ഇ. ശ്രീധരൻ നായർ |
| 4. | 4 | പി.എസ്. ഗോപാലകൃഷ്ണൻ |
| 5. | 5 | കെ.പി. വിജയമ്മ |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമനമ്പർ (1) കെ.കെ. ശശിയെ ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.01.2011-ലെ ബി9- 15943/04 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്തു ഉത്തരവായിട്ടുണ്ട്. ക്രമനമ്പർ (2)-ലെ ശ്രീ. എം. ശാന്തകുമാരിയുടെ ജോലിക്ക് ഹാജരാകാത്ത കാലയളവ് റഗുലറൈസ് ചെയ്തു പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. ക്രമനമ്പർ (3)ലെ ശ്രീ. ഇ. ശ്രീധരൻ നായർക്ക് കഠിനശിക്ഷക്ക് കുറ്റപത്രം നൽകിയിട്ടുള്ള ടിയാന്റെ പേരിൽ നിലനിൽക്കുന്ന അച്ചടക്ക നടപടി ഇനിയും തീർപ്പാക്കിയിട്ടില്ല. ക്രമനമ്പർ (1)ലെ കെ.കെ. ശശിയെ ഒഴിവാക്കിയും മറ്റ് 2 പേരെയും പ്രൊമോഷൻ നൽകുന്നതിൽ നിന്നും തൽക്കാലം ഒഴിവാക്കിക്കൊണ്ടും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 28(എ)ക്ക് വിധേയമായി താഴെപ്പറയുന്ന ക്രമനമ്പർ 4-ലെ ശ്രീ. പി.എസ്. ഗോപാലകൃഷ്ണനെയും ക്രമനമ്പർ 5-ലെ ശ്രീമതി കെ.പി. വിജയമ്മയെയും ജൂനിയർ സൂപ്രണ്ടുമാരായി പ്രൊമോട്ട് ചെയ്തു ഉത്തരവാകുന്നു.

ജൂനിയർ സൂപ്രണ്ടുമാരായി ഇപ്പോൾ ജോലി ചെയ്യുന്ന ഏതാനും ജീവനക്കാർ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി സ്ഥലമാറ്റ അപേക്ഷകളും ഭരണ പരമായ സൗകര്യവും പരിഗണിച്ച് താഴെപ്പറയുന്ന പ്രൊമോഷൻ/സ്ഥലമാറ്റം നടത്തിക്കൊണ്ട് ഉത്തരവാകുന്നു.

**ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലമാറ്റവും/പ്രൊമോഷനും**

| ക്രമ നമ്പർ | പേര്/ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ഓഫീസ് |
|---|---|---|
| 1. | ശ്രീ. പി.എസ്. ബാബു,<br>O/o ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, തിരുവനന്തപുരം<br>(സ്ഥലംമാറ്റം) | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ഇടുക്കി<br>(ശ്രീ. സുഗതന് പ്രൊമോഷൻ നൽകിയ ഒഴിവ്) |
| 2. | ശ്രീ. കെ. മനോജ്,<br>O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), റ്റി സെക്ഷൻ<br>(സ്ഥലംമാറ്റം) | കോന്നി ഡിവിഷൻ<br>(ശ്രീ. വി. ശശാങ്കനാഥ് റിട്ടയർമെന്റിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവ്) |
| 3. | ശ്രീ. പി.എസ്. ഗോപാലകൃഷ്ണൻ<br>ഹെഡ് അക്കൗണ്ടന്റ്<br>വൈൽഡ് ലൈഫ് ഡിവിഷൻ പറമ്പിക്കുളം (പ്രൊമോഷൻ) | O/oഡെപ്യൂട്ടിഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, തിരുവനന്തപുരം<br>(ശ്രീ. പി.എസ്. ബാബുവിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്) |
| 5. | ശ്രീമതി കെ.പി. വിജയമ്മ<br>ഹെഡ് അക്കൗണ്ടന്റ്,<br>ടിംബർ സെയിൽസ് ഡിവിഷൻ, കോട്ടയം (പ്രൊമോഷൻ) | O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>(ശ്രീ. കെ. മനോജിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്) |

ക്രമനമ്പർ 1, 2 എന്നിവരുടെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ പ്രവേശന കാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. യാത്രപ്പടി നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കും.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**പകർപ്പ് :**

1. വ്യക്തികൾക്ക് (മേലധികാരി മുഖേന)
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
3. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, തിരുവനന്തപുരം.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി.
5. വൈൽഡ് ലൈഫ് വാർഡൻ, പറമ്പിക്കുളം.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, കോട്ടയം.
7. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, ഇടുക്കി.
8. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പി.എ.യ്ക്ക്.
9. ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
10. ഇ5, എച്ച് സെക്ഷനുകൾക്ക്.
11. സ്റ്റോക്ക് ഫയൽ/എസ്.ഒ. ഫയൽ.

*D:\Raju 2011\CCF (A)\Proceedings\E3-6000-10 M.doc*